കന്യാകുളങ്ങര പി. എച്ച്. സെന്ററിൽ രോഗികൾക്ക് ഭക്ഷണം അനുവദിക്കാൻ നടപടി

267 [320] ശ്രീ. കെ. ജി. കുഞ്ഞുകൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കന്യാകുളങ്ങര പി. എച്ച്. സെന്ററിൽ രോഗികൾക്ക് ഡയറ്റ് അനുവദിച്ചിരുന്നത് എപ്പോഴാണ് നിറുത്തിയത് ;

(ബി) ഇതു പുനരാരംഭിക്കാൻ വേണ്ട നിർദ്ദേശം നൽകുമോ ;

(സി) ഡയറ്റ് നിറുത്തിയതുകൊണ്ടാണ് രോഗികൾ അവിടെ കിടക്കാതെ വന്നതെന്നുള്ളത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) കഴിഞ്ഞ ആറു വർഷങ്ങളായി കന്യാകുളങ്ങര പി. എച്ച്. സെന്ററിൽ ഡയറ്റ് നൽകുന്നില്ല.

(ബി) മറ്റെല്ലാ ഗവൺമെന്റ് ആശുപത്രികളിലെയും പോലെ ഡയറ്റ് ടെൻഡർ നോട്ടിഫിക്കേഷൻ കന്യാകുളങ്ങര പ്രൈമറി ഹെൽത്ത് സെന്ററിനും കൊടുത്തിട്ടുണ്ട്. ടെൻഡർ ലഭിക്കുവാനും ഡയറ്റുവിതരണം പുനരാരംഭിക്കുവാനും വേണ്ട പ്രത്യേക പരിശ്രമം നടത്തുവാൻ മെഡിക്കൽ ആഫീസർ വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ശ്രദ്ധയിൽ പെട്ടിട്ടില്ല.

കന്യാകുളങ്ങര പി. എച്ച്. സെന്ററിലെ പ്രസവവാർഡ്

268 [321] ശ്രീ കെ. ജി. കുഞ്ഞുകൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യമന്ത്രി സദയം മറുപടി നൽകുമോ :

കന്യാകുളങ്ങര പി. എച്ച്. സെന്ററിൽ നാട്ടുകാർ കെട്ടിക്കൊടുത്ത പ്രസവ വാർഡിൽ ഇപ്പോഴും പ്രസവക്കേസുകളും അഡ്മിറ്റ് ചെയ്യാതെ ഇട്ടിരിക്കുന്നതിന്റെ കാരണമെന്താണ് ?

ഉത്തരം

മഴസമയത്തുണ്ടാകുന്ന ചോർച്ചയും ഇലക്ട്രിക് വയറിംഗിന്റെ തകരാറും നിമിത്തം രോഗികളെ കിടത്തി ചികിൽസിക്കാനുള്ള സൗകര്യമില്ലാത്തതിനാലാണ് പ്രസവക്കേസുകളും അഡ്മിറ്റ് ചെയ്യാൻ സാധിക്കാത്തത്.

കന്യാകുളങ്ങര പി. എച്ച്. സെന്ററിന്റെ മെയിൻ കെട്ടിടം പുതുക്കിപ്പണിയാൻ സത്വരനടപടി

269. [322] ശ്രീ. കെ. ജി. കുഞ്ഞുകൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കന്യാകുളങ്ങര പി. എച്ച്. സെന്ററിലുള്ള മെയിൻ കെട്ടിടം ചോർന്നൊലിച്ച്, ഓടുകളും പൊട്ടി ജനലുകളും, കതകുകളും ദ്രവിച്ചുപോയിട്ട് എത്ര നാളായി ;

(ബി) ഇതിന്റെ പുനരുദ്ധാരണത്തിനുവേണ്ടി കുറഞ്ഞത് 12,000 രൂപ വേണമെന്ന് കാണിച്ച് ഒരു എസ്റ്റിമേറ്റ് ഡി. എച്ച്. എസിനു കിട്ടിയിട്ട് എത്ര നാളായി ;

LIBRARY ARCHIVES Kerala Legislative Assembly